ശ്രീ. പി. നാരായണൻ: ഇതിൽ അംഗങ്ങളായിട്ടുള്ള ആളുകൾക്ക് അപകട മരണം സംഭവിച്ചാൽ—ചോറ്റാനിക്കര കൃഷിഭവനിൽ രജിസ്റ്റർ ചെയ്ത ലളിതയും രമണിയും കൃഷിഭവൻ ആവശ്യപ്പെട്ട രേഖകൾ മുഴുവൻ കൊടുത്തിട്ടും ഡിപ്പാർട്ടുമെന്റ് അവർക്ക് ആനുകൂല്യങ്ങൾ കൊടുക്കുന്നില്ല—ആനുകൂല്യം കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: ഇതിൽ ചിലതെല്ലാം നടപ്പിലാക്കാൻ പറ്റാത്തതാണ്. പെൻഷനായി കഴിഞ്ഞാൽ 30,000 രൂപയും, ആയിരം രൂപാവീതം പെൻഷനും കൊടുക്കും. ചിലതൊക്കെ നടക്കും. പ്രധാനമായി ഇപ്പോൾ ഊന്നൽ കൊടുത്തിരിക്കുന്നത് ഇവർക്ക് തൊഴിൽ കൊടുക്കുന്നതിനു വേണ്ടിയിട്ടുള്ള പ്രോജക്ടുകൾ പ്രിപ്പെയർ ചെയ്യുന്നതിനാണ്. അത് നബാർഡിനെ ഏൽപ്പിച്ചിട്ടുണ്ട്. നടപ്പിലാക്കാൻ സാധിക്കാത്തതൊന്നും നടപ്പിലാക്കാൻ പറ്റുകയില്ല—അപകട മരണം സംഭവിച്ചവരുടെ ആശ്രിതർക്ക് പണം കൊടുത്തോ എന്ന് നോട്ടീസില്ലാതെ പറയുവാൻ സാദ്ധ്യമല്ല.

(2) മദ്യദുരന്തങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള നടപടികൾ

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, എന്റെ മണ്ഡലത്തിലാണ് 2000 ഒക്ടോബർ മാസത്തിൽ കല്ലുവാതുക്കൽ വിഷമദ്യ ദുരന്തം നടന്നത്. പത്തുമുപ്പതോളം ആളുകൾ ആ ദുരന്തത്തിൽ മരണപ്പെടുകയുണ്ടായി. ആ ദുരന്തത്തെക്കുറിച്ച് അന്വേഷിക്കുന്നതിനായി കേരള ഹൈക്കോടതിയിലെ സിറ്റിംഗ് ജഡ്ജിയായ ജസ്റ്റീസ് മോഹൻകുമാറിനെ അന്വേഷണ കമ്മീഷനായി നിയോഗിക്കുകയുണ്ടായി. ആ അന്വേഷണ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചതിനുശേഷവും എന്റെ ജില്ലയിൽത്തന്നെ കുപ്പണയിൽ വീണ്ടും മദ്യദുരന്തം ഉണ്ടായി. ജസ്റ്റീസ് മോഹൻകുമാറിന്റെ അന്വേഷണ റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വച്ചിട്ടില്ല. വിശദമായ ഒരു ചർച്ചയ്ക്ക് വിധേയമാക്കേണ്ട റിപ്പോർട്ടാണ് കമ്മീഷൻ സമർപ്പിച്ചിട്ടുള്ളത് എന്ന് ഇതു സംബന്ധിച്ച് 18-6-2003-ൽ രേഖാമൂലം എനിക്ക് നൽകിയ മറുപടിയിൽ അതിനെ കുറിച്ചുള്ള ഒരു സിനോപ്സിസ് ഉണ്ട്. അതിനകത്ത് പറഞ്ഞിട്ടുള്ളത് മീതൈൽ ആൾക്കഹോൾ കലർന്നു എന്നാണ്. ഒരിക്കലും മദ്യത്തിന്റെ, സ്പിരിറ്റിന്റെ ഉറവിടം കണ്ടെത്താൻ നാളിതുവരെയുള്ള ഒരു കമ്മീഷനും കഴിഞ്ഞിട്ടില്ല. ക്രൈം ബ്രാഞ്ച് അത് സംബന്ധിച്ച് നടത്തിയ അന്വേഷണത്തിലും അത് കണ്ടെത്തിയില്ല. കോടതി വെറുതെ വിട്ടവർ, യഥാർത്ഥത്തിൽ സ്പിരിറ്റ് എത്തിച്ചുകൊടുത്തവരാണ്. സ്പിരിറ്റ് എത്തിച്ചു കൊടുക്കുന്നവർ ഒരിക്കലും പിടിക്കപ്പെടുന്നില്ല. അങ്ങനെയുള്ള സാഹചര്യം ഒഴിവാക്കാൻവേണ്ടി ഇനിയുള്ള കുപ്പണ ദുരന്തത്തിന്റെ അന്വേഷണ പരിധിയിൽ സ്പിരിറ്റിന്റെ ഉറവിടം കണ്ടെത്തുന്നതിനുള്ള വ്യവസ്ഥകൂടി ഉൾപ്പെടുത്തേണ്ടത് ആവശ്യമാണ്. അതിനേക്കാൾ ഏറ്റവും പ്രധാനപ്പെട്ടത് രാഷ്ട്രീയ നേതാക്കൻമാരുടെ പങ്കാണ്. സർ അതുപോലെ വളരെ പ്രധാനപ്പെട്ട ഒരു വിഷയമുണ്ട്. എക്സൈസ് വകുപ്പ് പിരിച്ചു വിട്ടുകൊണ്ട് പോലീസിൽ ഇതിനെ ലയിപ്പിക്കണമെന്നാണ് ജസ്റ്റിസ് മോഹൻകുമാർ കമ്മീഷൻ ആവശ്യപ്പെടുന്നത്. വളരെ അത്യാവശ്യമായ ഒരു കാര്യമാണ് സർ. തമിഴ്നാട്ടിൽ എക്സൈസ് ഡിപ്പാർട്ട്മെന്റ് ഇല്ല. കേരളത്തിൽ എക്സൈസ് ഡിപ്പാർട്ടുമെന്റിൽ ജോലി ചെയ്യുന്നവർ 4,665 പേരാണ്. നാല് ഐ.എ.എസ്.-ഐ,പി.എസ്.-കാരുണ്ട്. സത്യത്തിൽ ഈ ഡിപ്പാർട്ടുമെന്റ് അഴിമതിയുടെ കൂത്തരങ്ങാകുകയാണ്. എന്റെ തന്നെ ഒരു അനുഭവമുണ്ട് സർ, ഹരിപ്പാട് ഒരു ബാറിന്റെ ഉടമ മരിച്ചപ്പോൾ അതിലെ അവകാശികളായ പെൺമക്കളുടെ പേരിൽ കള്ള ഒപ്പിട്ട് ആൺമക്കൾ ലൈസൻസ് മാറ്റിയെടുക്കാൻ നടപടി സ്വീകരിച്ചു എന്നു പറഞ്ഞ് ബഹുമാന്യനായ മന്ത്രിക്ക് പരാതി എഴുതിക്കൊടുത്തിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: അത് ഇതിൽ വരുന്നതല്ല.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: അത് സംബന്ധിച്ച് ഒരു അന്വേഷണംപോലും നടത്താതെ ഈ പറഞ്ഞ വ്യാജമായ കാര്യങ്ങൾക്ക് കൂട്ടുനിൽക്കുന്നത് എനിക്കുപോലും അനുഭവപ്പെടുന്നുണ്ട്. ഇതിന്റെ വെളിച്ചത്തിൽ ഏറ്റവും കൂടുതൽ കൈക്കൂലി വാങ്ങുകയും അഴിമതി നടത്തുകയും ചെയ്യുന്ന ഈ ഡിപ്പാർട്ടുമെന്റിനെ പോലീസ് ഡിപ്പാർട്ടുമെന്റിൽ ലയിപ്പിച്ച് പോലീസ്, ക്രൈം ബ്രാഞ്ച്, സ്പെഷ്യൽ ബ്രാഞ്ച്, വിജിലൻസ് എന്നു പറയുന്നതു പോലെ ഒരു എക്സൈസ് ബ്രാഞ്ച് പോലീസിൽ രൂപീകരിച്ചാൽ കൈക്കൂലി കൊടുക്കുന്നത് കുറച്ച് കുറയ്ക്കാൻ കഴിയും. കാരണം ഇപ്പോൾ രണ്ടു കൂട്ടർക്കും കൈക്കൂലി കൊടുക്കണം. കൈക്കൂലി ഒരു തരത്തിൽ നിർത്തുന്നതുകൊണ്ട് ഈ രംഗത്തെ കുറച്ച് അനാശാസ്യ പ്രവർത്തനങ്ങൾ ഒഴിവാക്കാൻ സാധിക്കും. മദ്യത്തിന്റെ വില അയൽ സംസ്ഥാനങ്ങളിലേതിൽനിന്നും കൂടുതൽ ആയതിനാൽ ഇവിടെയുണ്ടാകുന്ന കുഴപ്പങ്ങളെക്കുറിച്ചും റിപ്പോർട്ടിൽ പറയുന്നു. അതുകൊണ്ട് കേരളത്തിൽ ചുരുങ്ങിയ വിലയ്ക്ക് മദ്യം കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും മറ്റും ജസ്റ്റിസ് മോഹൻകുമാർ കമ്മീഷന്റെ റിപ്പോർട്ട് അടിയന്തിരമായി സഭയുടെ മേശപ്പുറത്ത് വച്ച് ചർച്ചചെയ്യണം എന്നുള്ളതാണ് എന്റെ ആവശ്യം. അതുപോലെതന്നെ മദ്യദുരന്തം ഉണ്ടാകുന്ന സന്ദർഭങ്ങളിൽ ജോലിയിൽ ഇരിക്കുന്ന ഉദ്യോഗസ്ഥൻമാരെ ഈ ഡിപ്പാർട്ടുമെന്റിൽനിന്നും പിരിച്ചുവിടുന്നതിന് നടപടി സ്വീകരിക്കണം. മദ്യദുരന്തം ഉണ്ടായപ്പോൾ പരവൂരിൽ സർക്കിൾ ഇൻസ്പെക്ടറായിരുന്ന പോലീസ് ഉദ്യോഗസ്ഥൻ ഇന്നും കൊല്ലം ജില്ലയുടെ കിഴക്കൻ മേഖലയിൽ സർക്കിൾ ഇൻസ്പെക്ടറായി ജോലി നോക്കുകയാണ്. അന്ന് താത്തയുടെ വീട്ടിൽ മണിക്കൂറുകൾ കാത്തു നിന്ന വെളുപ്പിന് അഞ്ചു മണിക്ക് ചെന്നപ്പോൾ താത്ത രണ്ടു മണിക്കൂർ കാത്തുനിൽക്കാൻ പറഞ്ഞു; ജീപ്പ് ഇട്ട് പുറത്ത് കാത്തുനിന്ന് നേരം വെളുത്ത് ഏഴു മണിക്ക് അവർ കൊടുത്ത കാശും വാങ്ങിപ്പോയ അയാൾ ഇന്നും പോലീസിൽ തുടരുകയാണ്. എക്സൈസിലും കുറ്റക്കാരായിരുന്നവരെ തിരിച്ചെടുക്കുകയാണ്. ഈ അവസ്ഥ ഒഴിവാക്കിക്കൊണ്ട്, ഇത്തരം ദുരന്തം ആവർത്തിക്കാതിരിക്കാൻവേണ്ടി, ഈ റിപ്പോർട്ട് സഭയിൽ ചർച്ച ചെയ്യണമെന്നുള്ളതാണ് എന്റെ ആവശ്യം.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, ജസ്റ്റിസ് മോഹൻകുമാർ കമ്മീഷന്റെ നിഗമനങ്ങളെക്കുറിച്ച് മന്ത്രിസഭ പലവട്ടം ചർച്ച ചെയ്യുകയും ആവശ്യമായ അനന്തര നടപടികൾ കൈക്കൊള്ളുവാൻ വിജിലൻസ്, ആഭ്യന്തരം, റവന്യൂ, നികുതി, എക്സൈസ് എന്നീ വകുപ്പുകൾക്ക് വേണ്ട നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്. എക്സൈസ് വകുപ്പിനെ സംബന്ധിച്ച് ജസ്റ്റിസ് മോഹൻകുമാറിന്റെ നിഗമനങ്ങൾ വളരെ ഗൗരവമായി വകുപ്പുതലത്തിൽ ചർച്ച ചെയ്യുകയും അനന്തര നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. മദ്യദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാൻ ദീർഘകാലാടിസ്ഥാനത്തിൽ കൈക്കൊള്ളേണ്ട നടപടികളെ സംബന്ധിച്ച് നൽകിയ ശുപാർശകൾ, അബ്കാരി നിയമത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തണമെന്നതുൾപ്പെടെയുള്ള കാര്യങ്ങൾ, സർക്കാർ പരിഗണിച്ചുവരികയാണ്. ബഹുമാനപ്പെട്ട മെമ്പർ പല നിർദ്ദേശങ്ങൾ ഇവിടെ വച്ചിട്ടുണ്ട്. എക്സൈസ് ഡിപ്പാർട്ടുമെന്റ് പോലീസ് ഡിപ്പാർട്ടുമെന്റിൽ ലയിപ്പിക്കണമെന്നുള്ളത് മാത്രമല്ല ആ ദുരന്തവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ പേരിൽ കേസെടുക്കണമെന്നും പറഞ്ഞു. അതുമായി ബന്ധപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥരുടെ പേരിൽ ചാർജ് ഷീറ്റ് കൊടുത്തിട്ടുണ്ട്, കേസ് എടുത്തിട്ടുണ്ട്. കൂടുതൽ ആ കാര്യങ്ങളെക്കുറിച്ച് പരിശോധിക്കുന്നുണ്ട്. വേറൊരു കാര്യം ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെട്ടത് ഈ റിപ്പോർട്ട് നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കണമെന്നാണ്. ആക്ഷൻ ടേക്കൺ റിപ്പോർട്ട് കിട്ടിയതിനുശേഷം ഇത് നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, ഇതുവരെ നടന്നിട്ടുള്ള ഈ വിഷമദ്യ ദുരന്തങ്ങളിൽ ഒന്നുംതന്നെ കള്ള് കുടിച്ചിട്ടല്ല മരിച്ചിട്ടുള്ളത്, രാജ്യത്ത് ഇതുവരെ കള്ള് കുടിച്ചിട്ട് ആരും മരിച്ചിട്ടില്ല. ചാരായം ഇന്ന് ഇവിടെ ഇപ്പോൾ ഇല്ല. ഇനിയെങ്കിലും ഈ സ്പിരിറ്റ് ഇവിടെ എത്തുന്നത് എങ്ങനെയാണ്, ആരാണ് എത്തിച്ചു കൊടുക്കുന്നത് എന്നുള്ളത് അന്വേഷിച്ച്, ഇന്നും അധികാരത്തിന്റെ ഇടനാഴിയിൽ പതുങ്ങിയും പാത്തും ഇരിക്കുന്ന വൻതോക്കുകളെ കണ്ടെത്തി നടപടി എടുക്കണം. ഇനിയെങ്കിലും ഈ അന്വേഷണ കമ്മീഷന്റെ പരിധിയിൽ, സ്പിരിറ്റ് എവിടെനിന്ന് എത്തിച്ചുകൊടുക്കുന്നു എന്നുള്ളതിനെ കുറിച്ചുകൂടി അന്വേഷിച്ചു കണ്ടുപിടിക്കുന്നതിന് ഒരു വ്യവസ്ഥ ടേംസ് ഓഫ് റഫറൻസിൽ ഉൾക്കൊള്ളിക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. കെ. ശങ്കരനാരായണൻ: സർ, സ്പിരിറ്റ് കടത്തുന്ന വൻതോക്കുകളിൽ മുമ്പും കുറേയാളുകളെ പിടിച്ചിട്ടുണ്ട്. ഇപ്പോൾ കുറേ തോക്കുകൾ ഉണ്ട്. ഈ തോക്കുകളെ പിടിക്കാൻവേണ്ടി പരിശ്രമം നടത്തുന്നതാണ്.

IV. സബ്മിഷൻ

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സബ്മിഷനുള്ള നോട്ടീസ് തലേ ദിവസം തരണം. ഇപ്പോൾ മന്ത്രിമാർ പറയുന്നത് 48 മണിക്കൂറിനു മുമ്പേ നോട്ടീസ് വേണമെന്നാണ്,' അതില്ലെങ്കിലും ഒരു 24 മണിക്കൂർ എങ്കിലും മുമ്പേ നോട്ടീസ് കൊടുത്താൽ വിവരം കളക്ട് ചെയ്യാൻ എളുപ്പമായിരിക്കും.

(1) കൊച്ചി സഹകരണ മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികൾക്ക് ക്ളിനിക്കൽ പ്രാക്ടീസ് സൗകര്യം ഏർപ്പെടുത്തുന്നത് സംബന്ധിച്ച്

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ആയിക്കൊള്ളട്ടെ. അത് ചെയ്യാം.

സർ, കൊച്ചി സഹകരണ മെഡിക്കൽ കോളേജിലെ ഒരു പ്രതിസന്ധിയെപ്പറ്റിയാണ് ഞാൻ പറയുന്നത്. പ്രതിസന്ധി എന്നു പറയുന്നത് മെഡിക്കൽ സ്റ്റുഡൻസിന് ക്ളിനിക്കൽ പ്രാക്ടീസ് നടത്തുന്നതിനുള്ള യാതൊരു സൗകര്യവും ഇവിടെയില്ല എന്നതാണ്. എറണാകുളം മെഡിക്കൽ ട്രസ്റ്റിന്റെ ഡിസ്ട്രിക്ട് ആശുപത്രിയിലെ ഒരു വാർഡാണ് ക്ളിനിക്കൽ പ്രാക്ടീസിനുവേണ്ടി അവർക്ക് കൊടുത്തിട്ടുള്ളത്. അവിടെ രോഗികളെ അഡ്മിറ്റ് ചെയ്യുന്നില്ല. അതിന്റെ ഫലമായിട്ട് കുട്ടികൾക്ക് ക്ളിനിക്കൽ പ്രാക്ടീസ് നടത്താനുള്ള സൗകര്യമില്ല. അവരുടെ ഭാവി വളരെയധികം കുഴപ്പത്തിലാകുന്ന സ്ഥിതിയാണ് ഇന്ന് നില നിൽക്കുന്നത്. ആലപ്പുഴയും തൃശ്ശൂരും എല്ലാം മെഡിക്കൽ കോളേജ് അനുവദിച്ചപ്പോൾ അവിടെയുള്ള ഡിസ്ട്രിക്ട് ആശുപത്രി അപ്പാടെതന്നെ ഇതിന് ഉപയോഗിക്കത്തക്കതരത്തിൽ ഇപ്പോഴും അത് തുടർന്നുകൊണ്ടിരിക്കുകയാണ്. അതിൽനിന്ന് വ്യത്യസ്തമായിട്ട് എറണാകുളം ജില്ലാ ആശുപത്രി ഈ ആവശ്യത്തിന് വിട്ടുകൊടുക്കാത്തത് എന്താണെന്ന് മനസ്സിലാകുന്നില്ല. അതുകൊണ്ട് മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന്റെ കീഴിൽ എറണാകുളം ജില്ലാ ആശുപത്രിയേയും കൊണ്ടുവന്നാൽ ആ കുട്ടികളുടെ ഭാവി ഇരുൾ അടഞ്ഞതായിത്തീരില്ല; ഈ തരത്തിലുള്ള തടസ്സം ഒഴിവാക്കി കിട്ടുകയും ചെയ്യും. ഞാൻ അന്വേഷിച്ചപ്പോൾ, അവിടെ ഭരണ കക്ഷിയുമായി അടുപ്പമുള്ള ഏതോ ഒരു ഡോക്ടർ ഇതിന് കർക്കശമായി തടസ്സം സൃഷ്ടിക്കുന്നു എന്നുള്ളതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിമാർക്ക് —

LIBRARY ARCHIVES Kerala Legislative Assembly